**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3659** | **26-10-2021 - ൽ മറുപടിയ്ക്ക്**

**അടച്ചുപൂട്ടിയ സ്വകാര്യ ബാങ്കുകളിലെ വാഹനവായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അടച്ചുപൂട്ടിയ സ്വകാര്യ ബാങ്കുകളിലെ വാഹനവായ്പകൾ തീർപ്പാക്കാൻ കഴിയാത്തതിനാൽ വാഹനങ്ങളുടെ ആർ.സി. ബുക്ക് ലഭിക്കുന്നില്ലെന്ന പരാതികൾക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (എ) | അടച്ചുപൂട്ടിയ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വാഹന വായ്പകൾ അടച്ചുതീർത്ത വാഹന ഉടമകൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർദ്ദേശിച്ചു കൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ 04.12.2015-തീയതിയിലെ സി.1/22837/റ്റി.സി./2015 നമ്പർ കത്ത് (പകർപ്പ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു) ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ലോൺ മുഴുവനായി അടച്ചുതീർത്ത വിവരം സൂചിപ്പിച്ച് കൊണ്ടും നിലവിലുള്ള ഹൈപ്പോത്തിക്കേഷൻ എഗ്രിമെന്റ് റദ്ദാക്കി ആർ.സി തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും വാഹന ഉടമ ഫിനാൻസിയർക്ക് രജിസ്റ്റേഡ് തപാലിൽ കത്ത് അയക്കേണ്ടതാണ്. മേൽവിലാസക്കാരൻ കൈപ്പറ്റാതെ പ്രസ്തുത കത്ത് തിരിച്ചു വരുന്ന പക്ഷം ടി കത്ത് സഹിതം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റി മുമ്പാകെ വാഹന ഉടമ ഹൈപ്പോത്തിക്കേഷൻ റദ്ദാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം നിലവിലുള്ള ഹൈപ്പോത്തിക്കേഷൻ എഗ്രിമെന്റ് പ്രകാരമുള്ള ലോൺ മുഴുവൻ അടച്ചു തീർന്നു എന്നും ഇതു സംബന്ധമായി പിൽക്കാലത്ത് എന്തെങ്കിലും ബാധ്യത ഉള്ളതായി ശ്രദ്ധയിൽപെടുന്ന പക്ഷം ആയതിന്മേൽ പൂർണ്ണമായ ഉത്തരവാദിത്തം ഏറ്റെടുത്തു കൊള്ളാമെന്നും, വാഹന ഉടമ നൽകുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഹൈപ്പോത്തിക്കേഷൻ റദ്ദാക്കി പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കാൻ സാധിക്കും. കൂടാതെ 07/02/2018 തീയതിയിലെ 04/2018 നമ്പർ സർക്കുലർ (പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു) പ്രകാരം ഹൈപ്പോത്തിക്കേഷൻ റദ്ദാക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ ഫൈനാൻസിയറുടെ കൺഫർമേഷനായി കാത്തു |

| | | | |
|---|---|---|---|
| | | | നിൽക്കാതെ ഉടനടി തീർപ്പകൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള വാഹനങ്ങളുടെ ആർ.സി.ബുക്ക് ലഭ്യമാകാൻ സ്വീകരിക്കേണ്ട നടപടി എന്താണെന്ന് വിശദമാക്കാമോ? | (ബി) | അടച്ചുപൂട്ടിയ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വാഹന വായ്പകൾ അടച്ചുതീർത്ത വാഹന ഉടമകൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർദ്ദേശിച്ചു കൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ 04.12.2015-തീയതിയിലെ സി.1/22837/റ്റി.സി./2015 നമ്പർ കത്ത് (പകർപ്പ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു) ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ലോൺ മുഴുവനായി അടച്ചുതീർത്ത വിവരം സൂചിപ്പിച്ച് കൊണ്ടും നിലവിലുള്ള ഹൈപ്പോത്തിക്കേഷൻ എഗ്രിമെന്റ് റദ്ദാക്കി ആർ.സി തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും വാഹന ഉടമ ഫിനാൻസിയർക്ക് രജിസ്റ്റേഡ് തപാലിൽ കത്ത് അയക്കേണ്ടതാണ്. മേൽവിലാസക്കാരൻ കൈപ്പറ്റാതെ പ്രസ്തുത കത്ത് തിരിച്ചു വരുന്ന പക്ഷം ടി കത്ത് സഹിതം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റി മുമ്പാകെ വാഹന ഉടമ ഹൈപ്പോത്തിക്കേഷൻ റദ്ദാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം നിലവിലുള്ള ഹൈപ്പോത്തിക്കേഷൻ എഗ്രിമെന്റ് പ്രകാരമുള്ള ലോൺ മുഴുവൻ അടച്ചു തീർന്നു എന്നും ഇതു സംബന്ധമായി പിൽക്കാലത്ത് എന്തെങ്കിലും ബാധ്യത ഉള്ളതായി ശ്രദ്ധയിൽപെടുന്ന പക്ഷം ആയതിന്മേൽ പൂർണ്ണമായ ഉത്തരവാദിത്തം ഏറ്റെടുത്തു കൊള്ളാമെന്നും, വാഹന ഉടമ നൽകുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഹൈപ്പോത്തിക്കേഷൻ റദ്ദാക്കി പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കാൻ സാധിക്കും. കൂടാതെ 07/02/2018 തീയതിയിലെ 04/2018 നമ്പർ സർക്കുലർ (പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു) പ്രകാരം ഹൈപ്പോത്തിക്കേഷൻ റദ്ദാക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ ഫൈനാൻസിയറുടെ കൺഫർമേഷനായി കാത്തു നിൽക്കാതെ ഉടനടി തീർപ്പകൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

C1/22837/TC/2015

Transport Commissionerate, Keralam
Trans Towers, Thiruvananthapuram
Dated: 04-12-2015

From

The Transport Commissioner

To

All Deputy Transport Commissioners
All Regional Transport Officers
All Joint Regional Transport Officers

Sir,

Sub: Motor Vehicles Department-Cancelling the hypothecation of the fin ance company which had already closed-Direction issuing of-reg

Ref: Request dated 12-10-2015 from Sri.P.K.Kunjayyappan, Ernakulam

Attention is invited to the above subject. It has come to the notice that people are facing difficulties in closing the hypothecation of their vehicle since they cannot produce No Objection Certificate issued by the financier due to the closing down of the company or due to the inability to trace out the whereabouts of the company. As per Section 51 of the Motor Vehicles Act, 1988, the registered owner shall obtain No Objection Certificate from the financier if the vehicle is subject to hire purchase, lease or hypothecation agreement before applying for renewal of permit , for issue of duplicate Certificate of Registration, etc. But if the company is closed down without intimating the client, he cannot cancel the hypothecation of his vehicle or he cannot obtain any service connected with his vehicle. In such cases registered owners may be directed to send letter to the finance company by Registered Post with Acknowledgement due. If the letter is returned unserved, the same may be included along with the application for revocation of hire purchase, lease or hypothecation agreements. After this steps shall be taken to close hypothecation after obtaining an undertaking from the registered owner of the vehicle stating that if any liability will arouse with regard to the agreement, it will be undertaken by the applicant. The Registering Authority/Additional Registering Authority shall note the details of such letters in the remarks of the hypothecation cancellation data base.

Yours faithfully
Sd/-
Transport Commissioner

Approved for issue

Joint Transport Commissioner &
Secretary, State Transport Authority

സെക്രട്ടറി

അനുബന്ധം 11

സി1/585/2017-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 07/02/2018

## സർക്കുലർ നം. 04/2018

വിഷയം: മോട്ടോർ വാഹന വകുപ്പ്-വാഹനങ്ങളുടെ ഹൈപ്പൊതിക്കേഷൻ റദ്ദാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുന്നു

സൂചന: സർക്കുലർ നമ്പർ 6/1996, തീയതി 01/03/1996

ഹൈപ്പൊതിക്കേഷൻ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി അപേക്ഷകൾ മോട്ടോർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ തീർപ്പാക്കാതെ ഇരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ ഫിനാൻസ് കമ്പനികൾക്ക് കൺഫർമേഷനായി (confirmation) കത്തയച്ചിട്ടും, ഫിനാൻസ് കമ്പനികളിൽ നിന്നും യാതൊരു പ്രതികരണവും ഇല്ലാത്തതാണ് ഇത്തരം അപേക്ഷകളുടെ പെൻഡൻസിക്ക് കാരണം എന്ന് മനസ്സിലാക്കുന്നു. 1989ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 61(1) ഉം 1988ലെ മോട്ടോർ വാഹന നിയമത്തിലെ 51(3) വകുപ്പും കൂടിവായിച്ച പ്രകാരം മോട്ടോർ വാഹനത്തിന്മേലുള്ള ഹൈപ്പൊതിക്കേഷൻ എഗ്രിമെന്റ് , പ്രസ്തുത എഗ്രിമെന്റ് റദ്ദാക്കിയതിനുള്ള തെളിവായി ഫോം 35 നോടൊപ്പം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും നിശ്ചിതഫീസും ലഭിച്ചാലുടൻ തന്നെ നിലവിലെ രജിസ്റ്ററിംഗ് അതോറിറ്റി റദ്ദാക്കി നൽകണമെന്നാണ്. കൂടാതെ അവസാനത്തെ രജിസ്റ്ററിംഗ് അതോറിറ്റിയല്ല ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയെങ്കിൽ ഹൈപ്പൊതിക്കേഷൻ റദ്ദാക്കിയ വിവരം ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയെ അറിയിക്കുവാൻ മോട്ടോർ വാഹന നിയമത്തിലെ 51(3)-ാം വകുപ്പ് നിഷ്കർഷിക്കുന്നു. ഈ സാഹചര്യത്തിൽ ഹൈപ്പൊതിക്കേഷൻ റദ്ദാക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ ഫൈനാൻസറുടെ കൺഫർമേഷനായി കാത്തു നിൽക്കാതെ ഉടനടി തീർപ്പ കല്പിക്കുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു..

ഹൈപ്പൊതിക്കേഷൻ റദ്ദാക്കിയതിനു ശേഷം കൃത്യമായി പൂരിപ്പിച്ചതും, ഓഫീസ് അധികാരി ഒപ്പു വച്ചതുമായ ഫോം-35-ന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ഫിനാൻസിയർക്ക് രജിസ്റ്റേഡ് പോസ്റ്റ് വഴി അയച്ചു നൽകേണ്ടതാണ്. ആയതിന് ഫൈനാൻസറുടെ വിലാസം എഴുതിയ ആവശ്യമായ സ്റ്റാമ്പ് പതിച്ച തപാൽ കവർ അപേക്ഷയോടൊപ്പം അപേക്ഷകനിൽ നിന്നും ആവശ്യപ്പെടേണ്ടതാണ്. കൂടാതെ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയും, നിലവിലെ രജിസ്റ്ററിംഗ് അതോറിറ്റിയും വ്യത്യസ്തമാണെങ്കിൽ ഹൈപ്പൊതിക്കേഷൻ റദ്ദാക്കിയ വിവരം ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയെ കൂടി അറിയിക്കേണ്ടതാണ്.

ഹൈപ്പൊതിക്കേഷൻ റദ്ദാക്കിയതുമായി ബന്ധപ്പെട്ട് ഫിനാൻസിയറിൽ നിന്നും എന്തെങ്കിലും തടസ്സവാദം (objection) ലഭിക്കുകയാണെങ്കിൽ ഹൈപ്പൊതിക്കേഷൻ എഗ്രിമെന്റിലുണ്ടായിരുന്ന വാഹന ഉടമയ്ക്കെതിരെ ഹൈപ്പൊതിക്കേഷൻ റദ്ദാക്കിയ രജിസ്റ്ററിംഗ് അതോറിറ്റി ക്രിമിനൽ നടപടികൾ സ്വീകരിക്കുവാൻ ബാധ്യസ്ഥനാണ്. ഈ സർക്കുലർ ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. ഹൈപ്പൊതിക്കേഷൻ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പെൻഡിംഗ് അപേക്ഷകൾ എല്ലാം തന്നെ ഒരു മാസത്തിനുള്ളിൽ തീർപ്പ് കല്പിക്കേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

സ്വീകർത്താവ് : എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസരും

സെക്ഷൻ ഓഫീസർ